# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .395

14/11/2019 -ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻവകുപ്പ് സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**
**,, ബി.സത്യൻ**
**,, കാരാട്ട് റസാഖ്**
**ശ്രീമതി.വീണാ ജോർജ്ജ്**

**ഉത്തരം**

**ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാകേണ്ട വിവിധ സേവനങ്ങൾ വേഗത്തിലും കുറ്റമറ്റരീതിയിലും കാര്യക്ഷമതയോടെയും ലഭ്യമാകുന്നുവെന്നുറപ്പാക്കാൻ സ്വീകരിച്ചു വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(എ) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാകേണ്ട വിവിധ സേവനങ്ങൾ വേഗത്തിലും കുറ്റമറ്റരീതിയിലും കാര്യക്ഷമതയോടെയും ലഭ്യമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും, ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം .

2)ആധാര രജിസ്ട്രേഷനായി ഫീസ് ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം .

3)ഒരു ലക്ഷം രൂപയ്ക്കു മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4) പൊതുജനങ്ങൾക്ക് സ്വയം ആധാരം തയാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും,. ആയതിലേക്കായി ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യ പ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

5) ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ്സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈനായി

അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

6)സ്പെഷ്യൽ മാര്യേജ്ജുകൾക്കുള്ള അപേക്ഷ/ നോട്ടീസ്, സൊസൈറ്റി രജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ നടപടികൾ തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7) പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനം മുഖാന്തിരം ഒടുക്കുന്നതിനും, ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.

9) റവന്യു വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് സംവിധാനം.

10) ഭൂമിയുടെ ന്യായവില ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

11) രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട് അപേക്ഷകർക്ക് എസ്.എം.എസ് മുഖേന അറിയിപ്പ് നൽകുന്ന സംവിധാനം.

| | | | |
|---|---|---|---|
| **(ബി)** | ആധാര രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതവും സുതാര്യവും ആക്കുന്നതിനും പരിപാടിയുണ്ടോ; രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | **ബി)** | ഉണ്ട്; രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ 15 സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങളുടെ സ്കാനിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി എന്നീ ആറ് ജില്ലകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം പുരോഗമിക്കുന്നു. |
| **(സി)** | സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | **(സി)** | രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും, ഫീസുകൾ ഇ-പേയ്മെന്റ് വഴി ഒടുക്കുവാനുമുള്ള സംവിധാനം |

ഏർപ്പെടുത്തിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ഭൂമിയുടെ ന്യായ വിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും, പൊതുജനങ്ങൾക്ക് തന്നെ സ്വയം ആധാരം തയാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കി. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും , ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തി. രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തി .

സെക്ഷൻ ഓഫീസർ